**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1370** — **04-07-2022 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി പരിഷ്കരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെയും കരിക്കുലം കോർ കമ്മിറ്റിയുടെയും ആദ്യയോഗം 16.06.2022-ൽ നടന്നു. പ്രസ്തുത യോഗത്തിൽ, സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂടിൽ ഉൾപ്പെടുത്തേണ്ട നാല് മേഖലകളേതെല്ലാമെന്നും (പ്രീപ്രൈമറി വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം) ഇരുപത്തഞ്ച് ഫോക്കസ് ഗ്രൂപ്പ് ചർച്ചാ വിഷയങ്ങളേതെന്നും അംഗങ്ങളെ പരിചയപ്പെടുത്തുന്ന അവതരണവും നടന്നു. തുടർന്ന് പാഠ്യപദ്ധതി പരിഷ്കരണവേളയിൽ പരിഗണിക്കേണ്ട വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള ചർച്ചയും നടന്നു. |
| (ബി) | പാഠ്യ പദ്ധതി പരിഷ്കരണങ്ങളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | 2022 ജൂൺ 16 ന് ചേർന്ന സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെയും കരിക്കുലം കോർ കമ്മിറ്റിയുടെയും യോഗത്തിൽ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി എസ്.സി.ഇ.ആർ.ടി ഡയറക്ടർ അവതരിപ്പിച്ചത് യോഗം അംഗീകരിച്ചിട്ടുണ്ട്. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. അക്കാദമിക രൂപരേഖ തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| (സി) | സാമൂഹിക അവസ്ഥകളെ അഭിമുഖീകരിക്കാനുള്ള ശേഷി ആർജ്ജിക്കാനുതകും വിധം നിലവിലെ പാഠ്യപദ്ധതികളിൽ നിന്നും എന്തെല്ലാം മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) | കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 നെ അടിസ്ഥാനമാക്കിയുള്ള നിലവിലെ പാഠ്യപദ്ധതിയുടെ പ്രധാന പ്രത്യേകതകളായ വിമർശനാത്മക ബോധനം, പ്രശ്നാധിഷ്ഠിത സമീപനം, സാമൂഹ്യ ജ്ഞാന നിർമിതി എന്നിവ ഉൾക്കൊള്ളുന്നതോടൊഷം സാമൂഹിക അവസ്ഥകളെ അഭിമുഖീകരിക്കാനുള്ള ശേഷി |

| | | | |
|---|---|---|---|
| | | | ആർജിക്കത്തക്ക രീതിയിൽ ലിംഗസമത്വം, സുസ്ഥിര വികസനം, ശാസ്ത്രാവബോധം, ഭരണഘടന മൂല്യങ്ങൾ, പരിസ്ഥിതി അവബോധം, ഉൾച്ചേർന്ന വിദ്യാഭ്യാസം, കാലാവസ്ഥാ വ്യതിയാനം എന്നിവ കൂടി ഉൾച്ചേർത്തുകൊണ്ട് നവകേരള നിർമിതിക്കുതകുന്ന വിജ്ഞാന സമൂഹമായി മാറുന്ന തരത്തിൽ പാഠ്യപദ്ധതി വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | 2020ലെ ദേശീയ വിദ്യാഭ്യാസ നയത്തിനും 2022ൽ പുറത്തിറക്കിയ പാഠ്യപദ്ധതി ചട്ടക്കൂടിനുള്ള കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണോ കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണം എന്ന് വ്യക്തമാക്കുമോ? | (ഡി) | കേരളത്തിലെ പൊതുവിദ്യാഭ്യാസം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ ഗുണതയിലും വിദ്യാഭ്യാസ പ്രക്രിയയിലും എൻറോൾമെന്റിലും ബഹുദൂരം മുന്നിലാണ്. 2020 ലെ ദേശീയ വിദ്യാഭ്യാസ നയം, അതിനെത്തുടർന്ന് പുറത്തിറക്കിയ പാഠ്യപദ്ധതി ചട്ടക്കൂടിനുള്ള മാർഗനിർദേശങ്ങൾ എന്നിവ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കി സംസ്ഥാനത്തിന്റെ പൊതുവിദ്യാഭ്യാസത്തിന് ഗുണകരമായവ മാത്രം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ പൊതുവിദ്യാഭ്യാസം കൂടുതൽ മികവുറ്റതാക്കുന്നതിനുള്ള പരിഷ്കരണമാണ് ഉദ്ദേശിക്കുന്നത്. അധ്യാപകർ, വിദ്യാർഥികൾ, രക്ഷകർത്താക്കൾ, വിദ്യാഭ്യസ വിദഗ്ധർ, എൻ.ജി.ഓ പ്രതിനിധികൾ, സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ തുടങ്ങിയവരുടെ അഭിപ്രായവും നിർദേശങ്ങളും ലഭിക്കത്തക്ക രീതിയിൽ സ്കൂൾ തലം, ബ്ലോക്ക് തലം, ജില്ലാ തലം, സംസ്ഥാന തലം എന്നീ വിവിധ തലങ്ങളിൽ ആശയ രൂപീകരണ ശില്പശാലകൾ നടത്തുന്നതാണ്. പാഠ്യപദ്ധതിപരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ